# കുടുംബശ്രീ ജില്ലാമിഷൻ
# തിരുവനന്തപുരം

## പട്ടിക വർഗ്ഗ സുസ്ഥിര വികസന പദ്ധതി
## ഊരിൽ ഒരു ദിനം - പ്രത്യേക അദാലത്ത്

| | |
|---|---|
| തീയ്യതി: | **01/04/2017** |
| സ്ഥലം: | **പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്** |
| വാർഡ്: | **ഇടവം** |
| | **ഞാറനീലി, കാട്ടിലക്കുഴി, കുറിപ്പൻകാല, ഊറാംമൂട്, ഇലഞ്ചിയം** |
| കുടുംബങ്ങളുടെ എണ്ണം: | **336** |
| പട്ടിക വർഗ്ഗ ജനസംഖ്യ: | **1668** |




ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ ഷൈജു സ്വാഗതം ആശംസിച്ച സംസാരിക്കുന്നു

അദാലത്തിൽ പങ്കെടുക്കുന്നതിന് കത്ത് നൽകി ക്ഷണിച്ചിരുന്ന വകുപ്പുകളും ഹാജർ നിലയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ്/സ്ഥാപനം | പങ്കെടുത്ത ഉദ്യോഗസ്ഥന്റെ പേര് | പദവി |
|---|---|---|---|
| 1 | സിവിൽ സപ്ലൈസ് | എസ്. ലാലു | താലൂക്ക് സപ്ലൈ ഓഫീസർ നെടുമങ്ങാട് |
| 2 | വനം | ജി. വി. ഷിബു | എസ്.എഫ്.ഒ |
| 3 | എക്സൈസ് | പങ്കെടുത്തിട്ടില്ല | |
| 4 | ഐ.ടി.ഡി.പി | വി. എസ് ഹരികുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 5 | ആരോഗ്യം | Dr. രാജ്കപൂർ | താലൂക്ക് ഹോസ്പിറ്റൽ വിതുര |
| 6 | പോലീസ് | മണികണ്ഠൻ | എസ്.ഐ പെരിങ്ങമ്മല പോലീസ് സ്റ്റേഷൻ |
| 7 | തഹസിൽദാർ/വില്ലേജ് ഓഫീസ് | ഷർമിളാ ദാസ് | വില്ലേജ് ഓഫീസർ പെരിങ്ങമ്മല |
| 8 | സാക്ഷരതാ മിഷൻ | സതി ഡി | സാക്ഷരതാ മിഷൻ പ്രേരക് പെരിങ്ങമ്മല |
| 9 | ഐ.സി.ഡി.എസ് | പങ്കെടുത്തിട്ടില്ല | |
| 10 | വൈദ്യുതി | ഫ്രാൻസിസ് റ്റി | സബ്. എഞ്ചിനീയർ, കെ.എസ്.ഇ.ബി പെരിങ്ങമ്മല |
| 11 | ജല അതോറിറ്റി | ഗിരീഷ് കുമാർ | ഓവർസീർ, ജല അതോറിറ്റി പാലോട് |
| 12 | ഐ. ആൻഡ് പി.ആർ | സുനിൽ ഹസ്സൻ | ഡി.ഐ.ഒ, ഐ. ആൻഡ് പി.ആർ |



ഊരിൽ ഒരു ദിനം അദാലത്ത് ബഹു ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി.കെ. മധു ഉദ്ഘാടനം നിർവ്വഹിക്കുന്നു.

കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇടവം വാർഡിൽ സ്ഥിതിചെയ്യു**ന്ന ഞാറനീലി, കാട്ടിലക്കുഴി, കുറിപ്പൻകാല, ഊറാംമൂട്, ഇലഞ്ചിയം എന്നീ ഊരുകൾ കേന്ദ്രീകരിച്ച് 2017 ഏപ്രിൽ 1 ന് രാവിലെ 10 മണിക്ക് ഞാറനീലി ട്രൈബൽ ഹോസ്റ്റലിൽ 'ഊരിൽ ഒരു ദിവസം'** എന്ന പേരിൽ അദാലത്ത് സംഘടിപ്പിച്ചു. 300 ലധികം ഊരു നിവാസികൾ പ്രസ്തുത അദാലത്തിൽ പങ്കെടുത്തു. അടിസ്ഥാനപരമായ ഒട്ടനവധി പ്രശ്നങ്ങൾ ടി പരിപാടിയിൽ ചർച്ച ചെയ്യപ്പെട്ടു. വിവിധ വകുപ്പുകളിൽ നേരിട്ട് എത്തി പരാതി ബോധിപ്പിക്കുന്നതിന് പ്രായോഗികമായി നിരവധി വെല്ലുവിളികൾ നേരിടുന്ന ഊരുനിവാസികൾക്ക് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം ഒന്നടങ്കം അവരുടെ അടുക്കലേയ്ക്ക് എത്തിയത് വലിയൊരു ആശ്വാസമായി. വർഷങ്ങൾ കൊ□ ് പരിഹാരം കാണാതെ കിടക്കുന്നതും ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമായ നിരവധി പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധിച്ചു. പ്രസ്തുത അദാലത്തിൽ വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഐ.റ്റി.ഡി.പി. ഉദ്യോഗസ്ഥർ, പ്രാദേശിക പോലീസ് മേധാവികൾ, വൈദ്യൂതി ബോർഡ്, ജല അതോറിട്ടി പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത്, സി.ഡി.എസ്, എ.ഡി.എസ്. പ്രതിനിധികൾ, കുടുംബശ്രീ ജില്ലാമിഷൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.




**ബഹു. തിരുവനന്തപുരം ജില്ലാ കളക്ടർ, ഊരിൽ റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം ചെയ്യുന്നു. ആകെ 34 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി.**

പ്രസ്തുത പരിപാടിയിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പി. ചിത്രകുമാരി അദ്ധ്യക്ഷത വഹിച്ചു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു സ്വാഗതം ആശംസിച്ചു സംസാരിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധു പരിപാടി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ശ്രീ. സെൽവദാസ്. എൽ ന്റെ സജീവമായ സാന്നിദ്ധ്യം പരിപാടിയുലുടനീളം ഉ□ ായിരുന്നു. പ്രസ്തുത പരിപാടിയുടെ വിജയത്തിനായി വാർഡ് മെമ്പർ ശ്രീ. എം.എസ്. സിയാദ് നടത്തിയ പരിശ്രമങ്ങളെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രശംസിച്ചു. എസ്. റ്റി. പ്രമോട്ടർ ശ്രീ. വിനോദ് കൃതജ്ഞത രേഖപ്പെടുത്തി. ഉദ്ഘാടന സമ്മേളനത്തിന് ശേഷം ജില്ലാ കളക്ടർ

ഊരു നിവാസികളിൽ നിന്നും പരാതി സ്വീകരിച്ചു. 150 ലധികം പരാതികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു.

ഇലഞ്ചിയം ഊരിൽ താമസിക്കുന്ന ശ്രീമതി. വത്സലയുടെ കുടുംബത്തിന് തന്റെ ഭർത്താവിന്റെ ക്യാൻസർ രോഗ ചികിത്സയ്ക്കായി കാരുണ്യ ഫ ിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു. ശ്രീമതി. ബിന്ദുവിന്റെ 8, 6 വയസ്സുള്ള കുട്ടികൾക്ക് നാളിതുവരെ ജനനസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല, ടി പരാതി പരിഹരിക്കുന്നതിന് കളക്ടർ നിർദ്ദേശം നൽകി. ഊരുകളിൽ കിണർ ഇല്ലാത്ത വീടുകൾക്ക് എം.ജി.എൻ.ആർ.ഇ. ജി.എസ്. പദ്ധതി മുഖേന കിണർ നിർമ്മിക്കുന്നതിന് നിരദ്ദേശം നൽകി.



ഞാറനീലി ഊര് അദാലത്തിൽ ഊര് നിവാസികൾ പങ്കെടുക്കുന്നു.

ഊരുകളിൽ കൈവശ രേഖ ഇല്ലാത്ത 25 ലധികം കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് കൈവശ രേഖ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശിച്ചു. പെരിങ്ങമ്മല പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യമായ സ്റ്റാഫിന്റെ അഭാവം നികത്തുന്നതിന് ഡി.എം.ഒ. വഴി പ്രൊപ്പോസൽ നൽകണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ഊരുമൂപ്പന്മാരായ ശ്രീ. ബാലകൃഷ്ണൻ കാണി, ശ്രീ. ശ്രീധരൻ കാണി എന്നിവർ ഊരുകളെ സംബന്ധിച്ച പൊതുവായ പ്രശ്നങ്ങൾ കളക്ടറെ ബോധിപ്പിച്ചു. വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ആവശ്യമുള്ള വീടുകളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കളക്ടർ നിർദ്ദേശിച്ചു.

ടി ഊരുകളിൽ റേഷൻ കാർഡില്ലാതിരുന്ന 34 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് താലൂക്ക് സപ്ലൈ ഓഫീസറുടെ സഹായത്തോടെ ജില്ലാ കളക്ടർ റേഷൻ കാർഡുകൾ വിതരണം ചെയ്തു. സ്വീകരിച്ച പരാതികളിന്മേൽ ഒരാഴ്ചയ്ക്കകം നടപടി സ്വീകരിച്ച് റിപ്പോർട്ട് ജില്ലാ കളക്ടർക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. ഷൈജുവിന്റെ നേതൃത്വത്തിൽ, കുടുംബശ്രീ പട്ടികവർഗ്ഗ മേഖലയിൽ നടത്തികൊ ിരിക്കുന്ന ഇടപെടലുകൾ പ്രശംസനീയമാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾ തുടരണമെന്നും ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു.

ഒപ്പ്

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**